**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 22-ാമത് സംസ്ഥാന ബധിരകായികമേള 2016 - കോഴിക്കോട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.2117/2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 12.07.2016

പരാമർശം:-1. 22-ാമത് സംസ്ഥാന ബധിരകായികമേള 2016 ന്റെ ജനറൽ കൺവീനറുടെ 16.06.2016 ലെ കത്ത്.

2. സ.ഉ. (സാധാ) 58/2006/തസ്വഭവ തീയതി 16.02.2006.

**ഉത്തരവ്**

കേരള സ്റ്റേറ്റ് ഗെയിംസ് ഓഫ് ദി ഡഫ് എന്ന സംഘടന കോഴിക്കോട് മെഡിക്കൽ കോളേജ് ഒളിമ്പ്യൻ റഹ്മാൻ സ്റ്റേഡിയത്തിൽ വച്ച് 2016 ആഗസ്റ്റ് മാസം 25 മുതൽ 28 വരെ 22-ാമത് സംസ്ഥാന ബധിരകായികമേള നടത്തുന്നു. ടി മേളയുടെ നടത്തിപ്പ് ചെലവിനായി കോഴിക്കോട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിനുള്ള അനുമതിയാണ് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2016 ആഗസ്റ്റ് മാസം 25 മുതൽ 28 വരെ കോഴിക്കോട് മെഡിക്കൽ കോളേജ് ഒളിമ്പ്യൻ റഹ്മാൻ സ്റ്റേഡിയത്തിൽ വച്ച് നടക്കുന്ന 22-ാമത് സംസ്ഥാന ബധിരകായികമേളയുടെ സംഘാടനചെലവുകൾക്കായി കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ പരമാവധി 10,000/- (പതിനായിരം രൂപ മാത്രം) രൂപയും മുനിസിപ്പാലിറ്റികൾ പരമാവധി 15,000/- (പതിനയ്യായിരം രൂപ മാത്രം) രൂപയും കോർപ്പറേഷൻ പരമാവധി 25,000/- (ഇരുപത്തി അയ്യായിരം രൂപ മാത്രം) രൂപയും അവരുടെ തനത് ഫണ്ടിൽ നിന്നും അവരുടെ കമ്മിറ്റി/കൗൺസിൽ തീരുമാനത്തിനും പരാമർശം (2)ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

സംഭാവന നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജനറൽ കൺവീനർ, കേരള സ്റ്റേറ്റ് ഗെയിംസ് ഓഫ് ദി ഡഫ് 2016 ,വരവ് ചെലവ് കണക്കുകളുടെ ആഡിറ്റ് സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യപത്രം നല്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സുനിൽകുമാർ എസ്.ഡി
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട നഗരസഭകൾക്ക് നല്കേണ്ടതാണ്)

ജനറൽ കൺവീനർ, കേരള സ്റ്റേറ്റ് ഗെയിംസ് ഓഫ് ദി ഡഫ് 2016, ഷാനികേത് ഹൗസ്, പയ്യോളി, കോഴിക്കോട് 673 522

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് (ഉത്തരവിന്റെപകർപ്പ് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കേണ്ടതാണ്)

സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ

എക്സി. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്)

ധനകാര്യവകുപ്പ്

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**